# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3331** — **18.02.2013 ൽ മറുപടിക്ക്**

### മറ്റ് സംസ്ഥാനങ്ങളിലെ പ്രവാസി മലയാളികൾക്ക് എൻ. ആർ. കെ. ഇൻഷ്വറൻസ് കാർഡ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ:<br>ശ്രീ. വർക്കല കഹാർ:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. എം. പി. വിൻസെന്റ്: | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി) |
| (എ) മറ്റു സംസ്ഥാനങ്ങളിലെ പ്രവാസി മലയാളികൾക്ക് എൻ. ആർ. കെ. ഇൻഷ്വറൻസ് കാർഡ് നൽകുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) അന്യ സംസ്ഥാന മലയാളികൾക്ക് തിരിച്ചറിയൽ രേഖ എന്ന നിലയിൽ നോർക്ക റൂട്ട്സ് നിലവിൽ എൻ. ആർ. കെ. ഇൻഷ്വറൻസ് കാർഡ് എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യ-ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) അന്യ സംസ്ഥാന മലയാളിയാണ് എന്നതിന് ഒരു തിരിച്ചറിയൽ രേഖയായി ഈ കാർഡ് ഉപയോഗിക്കാവുന്നതാണ്. നോർക്ക - റൂട്ട്സിന്റെ സഹായ പദ്ധതികളിൽ നിന്നും ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഈ കാർഡ് തിരിച്ചറിയൽ രേഖയായി ഉപയോഗിക്കാം. കൂടാതെ 2 ലക്ഷം രൂപ വരെ അടിയന്തിര അപകട ഇൻഷ്വറൻസ് ലഭിക്കുന്നതിനും ഈ കാർഡ് ഉപകരിക്കുന്നതാണ്. |

| | |
|---|---|
| (സി) കാർഡുടമയ്ക്ക് എന്തെല്ലാം ഇൻഷ്വറൻസ് പരിരക്ഷയാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) അപകട മരണം, സ്ഥിരം/പൂർണ അംഗ വൈകല്യം എന്നിവയ്ക്ക് പരമാവധി രണ്ടു ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. ഭാഗികമായ അംഗവൈകല്യത്തിന് ഒരു ലക്ഷം രൂപ വരെ ലഭിക്കും. 3 വർഷത്തേയ്ക്ക് പ്രീമിയം 300 രൂപയാണ്. |
| (ഡി) കാർഡുകൾ ലഭിക്കുന്ന-തിനുള്ള അപേക്ഷകൾ സ്വീകരി-ക്കുന്നത് എങ്ങനെയാണെന്ന് വിശദമാക്കുമോ? | (ഡി) നിശ്ചിത അപേക്ഷ പൂരിപ്പിച്ച് നോർക്ക-റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 300 രൂപയുടെ ഡി ഡി സഹിതം നോർക്ക റൂട്ട്സ് ഹെഡ് ഓഫീസ്, ഡൽഹി, മുംബൈ, ബാംഗ്ലൂർ, ചെന്നൈ, ബറോഡാ, ഹൈദരാബാദ് എന്നീ സ്ഥലങ്ങളിൽ ഉള്ള നോർക്ക - റൂട്ട്സിന്റെ ഡവലപ്പ്മെന്റ് & സാറ്റലൈറ്റ് ഓഫീസുകളിൽ സമർപ്പിക്കാവുന്നതും പ്രസ്തുത ഓഫീസുകൾ മുഖാന്തിരം ഇൻഷ്വറൻസ് കാർഡ് വിതരണം ചെയ്യുന്നതുമാണ്. അപേക്ഷാ ഫോറം നോർക്ക - റൂട്ട്സിന്റെ www.norkaroots.net എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ